തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല
വാക്കാട് പി.ഒ., തിരൂർ, മലപ്പുറം - 676 502

## സംഗ്രഹം

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല - 2024-25 അദ്ധ്യയനവർഷം - ബിരുദാനന്തരബിരുദ മണ്ഡലങ്ങളിലേയ്ക്കു തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി പ്രതിനിധിയെ പൊതുസഭയിലെ അംഗമായി ഉൾപ്പെടുത്തി പൊതുസഭ വിപുലീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## വൈസ് ചാൻസലറുടെ കാര്യാലയം

നമ്പർ: 50/2015/വി.സി./വാല്യം IV. തീയതി, തിരൂർ, 12.12.2024

പരാമർശം: 1) 03.02.2022 ലെ ഇതേ നമ്പർ സർവകലാശാല ഉത്തരവ്.
2) 14.02.2024 ലെ ഇതേ നമ്പർ സർവകലാശാലാ ഉത്തരവ്.
3) 03.12.2024 ലെ 373/എ1/2022/അഡ്മിൻ. (വോള്യം 2) നമ്പർ തെരഞ്ഞെടുപ്പുഫല വിജ്ഞാപനം.

## ഉത്തരവ്

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലാ നിയമം 2013 അദ്ധ്യായം (III) വകുപ്പ് 9 (സി) (i) ഉം (ii) ഉം പ്രകാരം ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾ അവർക്കിടയിൽ നിന്നു തിരഞ്ഞെടുക്കുന്ന രണ്ടുപേരും ഗവേഷണ വിദ്യാർത്ഥികൾ അവർക്കിടയിൽ നിന്നു തിരഞ്ഞെടുക്കുന്ന രണ്ടു പേരും പൊതുസഭയിലെ അംഗങ്ങളായിരിക്കും.

2) പരാമർശം (1) പ്രകാരം, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ പൊതുസഭ ഔദ്യോഗിക അംഗങ്ങളെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കുകയുണ്ടായി.

3) പരാമർശം (2) പ്രകാരം ബിരുദാനന്തരബിരുദ മണ്ഡലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട നിവേദ്യ കെ.സി. (എം.എ. മാധ്യമപഠനം, രണ്ടാം വർഷം) എന്ന വിദ്യാർത്ഥിപ്രതിനിധിയെ പൊതുസഭയിൽ അംഗമായി ഉൾപ്പെടുത്തി ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത വിദ്യാർത്ഥി പ്രതിനിധി കോഴ്സ് പൂർത്തിയാക്കി സർവകലാശാലയിൽ നിന്നും വിടുതൽ വാങ്ങിയതിനാൽ പൊതുസഭയിൽ അംഗമല്ലാതായിട്ടുണ്ട്.

4) പരാമർശം (3) പ്രകാരം ബിരുദാനന്തരബിരുദ മണ്ഡലത്തിലേക്ക് നടത്തിയ തിരഞ്ഞെടുപ്പിൽ ഒരു വിദ്യാർത്ഥി പ്രതിനിധിയെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ പൊതുസഭയിലേക്ക് എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടതായി ഫലപ്രഖ്യാപനം നടത്തി വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. അപ്രകാരം പൊതുസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥിയുടെ വിശദവിവരങ്ങൾ താഴെപറയും പ്രകാരമാണ്.

| മണ്ഡലം | വിദ്യാർത്ഥിയുടെ പേര് | വോട്ടർപട്ടികയിലെ ക്രമ നം. | പ്രോഗ്രാം | പഠനസ്കൂൾ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| ബിരുദാനന്തരബിരുദം | രോഹിത്ത് എസ്. | ഭാഗം VII (1) 6 | എം.എ. വികസനപഠനവും തദ്ദേശവികസനവും | വികസനപഠനസ്കൂൾ |

5) മേൽവിവരിച്ച വസ്തുതകൾ സമഗ്രമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ രോഹിത്ത് എസ്. (എം.എ. വികസനപഠനം - ഒന്നാം വർഷം) നെ നിയമാനുസൃതമായി തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി പ്രതിനിധിയെന്ന നിലയിൽ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ പൊതുസഭയിൽ അംഗമായി ഉൾപ്പെടുത്തി പൊതുസഭ വിപുലീകരിക്കുവാൻ ബഹു. വൈസ് ചാൻസലർ ഉത്തരവായിട്ടുണ്ട്.

6) മേൽ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

രജിസ്ട്രാർ ഇൻ ചാർജ്

രോഹിത്ത് എസ്., വികസനപഠനസ്കൂൾ (വിദ്യാർത്ഥി പ്രതിനിധി)

പകർപ്പ്:

എല്ലാ അംഗങ്ങൾക്കും/വൈസ് ചാൻസലറുടെ കാര്യാലയം/
രജിസ്ട്രാർ കാര്യാലയം/ഫിനാൻസ് വിഭാഗം/പരീക്ഷാകൺട്രോളർ/
വിദ്യാർത്ഥിക്ഷേമ ഡയറക്ടർ/ജെ.ഡി, കെ.എസ്.എ.ഡി, മലയാളസർവകലാശാല/
ഓഫീസ് രേഖ/കരുതൽ രേഖ/വെബ്സൈറ്റ്